little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS



# മിന്നാമിനുങ്ങ്



ജി.എച്ച്.എസ്.എസ്.കുന്നക്കാവ്

## പത്രാധിപസമിതി

**ചീഫ് എഡിററർ**

**അമൽമെഹബിൻ**

**എഡിറ്റോറിയൽ അംഗങ്ങൾ**

**ഷിജിത ഇ**

**ഗായത്രി**

**മുഹമ്മദ്ഹാരിസ്**

**ലേ ഔട്ട്**

**കിഷൻരാഗ്**

**വര**

**ദീപക് എം ആർ**

# ആമുഖം

കുന്നക്കാവ് ഗവ.ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ഡിജിറ്റൽമാഗസിൻ

"**മിന്നാമിനുങ്ങ്**"

പ്രസിദ്ധീകരിക്കുന്നു.നിങ്ങളുടെ സഹകരണത്തിനും പ്രോത്സാഹനത്തിനും നന്ദി.

സി.കെ.ഗീത

ഹെഡ് മിസ്ട്രസ്

സൈതലവി.പി.കെ

ഡെപ്യൂട്ടിഹെഡ് മാസ്റ്റർ

പ്രദീപ്കുമാർ.കെ (ലിറ്റിൽ കൈറ്റ് മാസ്റ്റർ)

ജിഷ.പി (ലിറ്റിൽ കൈറ്റ് മിസ്ട്രസ്)


സെക്കന്ററി
മലപ്പുറം ജില്ല.

# താളുകൾ മറിക്കുമ്പോൾ


1.GEOMATRY IN HAND 6

2.വൃത്തത്തിനുള്ളിലെ ശൂന്യത 7

4.ഡിജിറ്റൽ പെയിന്റിംഗ് 9

5.സഹയാത്രികർ 10

6.കർണത്തിന്റെ നീളം 11

7.നമുക്ക് പ്രളയംമതി 12

8.ഉറുദു കവിത 13

9.രൂപങ്ങൾ വിവരങ്ങൾ 14

10.പ്രളയം ചിത്രം 15


11 ഗതിയില്ലാ പ്രേതങ്ങൾ 16

12 പ്രളയം ചിത്രം 17

13 കോലക്കേട്ടുകൾ 18

14 കണ്ണാടി വീടുകൾ 19

# GEOMATRY IN HAND



# വൃത്തത്തിനുള്ളിലെ ശൂന്യത

ക്രിയകളുടെ മാന്ത്രികക്കൂട്ടുകൾക്കപ്പുറം

ഗണിതമേ, നിന്റെ പൂജ്യമെന്ന വൃത്തത്തിലാണെൻ ചിന്തകളെപ്പോഴും

വൃത്തമില്ലാതെന്തു ജീവിതം

സൂര്യനും ചന്ദ്രനും, ഭൂമിയും വൃത്തത്തിൽ

അമ്മ വിളമ്പിത്തന്ന ചോറ്റുപാത്രം വൃത്തത്തിൽ

അതിൽ പൂഴ്ത്തിവച്ച ഉപ്പിലിട്ട നെല്ലിക്ക വൃത്തത്തിൽ

ജീവിതമേ നീ തങ്ക നൂലിൽ കോർത്തെൻ

കഴുത്തിൽ പിണച്ച മാലയും വൃത്തത്തിൽ

ഓർത്തുനോക്കുക , ഒടുക്കം പൊട്ടിച്ചിതറിയ

വളത്തുണ്ടുകൾ ഞാൻ ചേർത്തുവച്ചതും വൃത്തത്തിൽ

നീയകന്നപ്പോൾ അടർന്നു വീണ മിഴിത്തുള്ളികൾ

ഉരുണ്ട് താഴേക്ക് പൂജ്യമായി വൃത്തത്തിൽ

പൂജ്യത്തിനോട് പൂജ്യമെടുത്താലും ,കൂട്ടിയാലും

പൂജ്യമെന്ന അറിവ് പകർന്ന ശൂന്യതയിൽ

ജീവിതമാകുന്ന വൃത്തത്തിൽ തുടങ്ങി ഒടുക്കം

വരെ കറങ്ങിക്കൊണ്ടിരിക്കുന്നു ഞാനും

റസിയ ,എച്ച്.എസ്.എ , ജി.എച്ച്.എസ്.എസ്.കുന്നക്കാവ്

# അമ്മേ മാപ്പ്.......

കടയിൽ നിന്നും മരുന്ന് വാങ്ങി ധൃതിയിൽ നടന്നു. നടക്കുകയല്ല

ഓടുകയായിരുന്നു. അമ്മയുടെ ചിന്തകൾ കണ്ണിനെ ഈ റ ന ണി യി ച്ചപ്പോൾ ഇടിയും മഴയും തടസമായ തൊന്നും കണക്കാക്കാതെ ഓടി. ശ്വാസം വിടാൻ പോലുംനിൽക്കാതെ വിളിച്ചു...അമ്മേ .. അമ്മേ.... ഇതാ മരുന്ന്.......... അമ്മേ...... മരുന്നും മന്ത്രവുമെല്ലാം മറന്ന് എന്നെന്നേക്കുമായി അമ്മ യാത്രയായിരുന്നു.

ഗിത എച്ച്.എസ്.എ , ജി.എച്ച്.എസ്.എസ്.കുന്നക്കാവ്



**അരുൺ എസ് മാധവ്     8A**

## സഹയാത്രികർ


അർച്ചന.പി


രാത്രിയേറെ വൈകിയിരിക്കുന്നു
നടന്നുഞാൻ തെരുവീഥികളിൽ കൂടി
ഏകയായ്....ശാന്തയായ്.....
ഭയമായിരുന്നു തുണ
ഇരുട്ടായിരുന്നു കൂടെ....

ധൈര്യം മുഖത്തു ചാർത്തി
നടന്നു ഞാൻ തെരുവീഥികളിൽ കൂടി.....
മിന്നിത്തിളങ്ങിയെൻ മുന്നിലൊരു വെളിച്ചം
ഹാ! ഒരു മിന്നാമിനുങ്ങ്!!

കൂരിരുട്ടതാ പതിയെ വഴിമാറുന്നു
എനിക്കു മുകളിലതാ ഒരു
വെള്ളിത്തളിക ചിരി തൂകുന്നു
കൊച്ചുകൊച്ചു രത്നങ്ങളും
മൂവരുമെന്റെ സഹയാത്രികരായ്
ഇനിയെന്തു ഭയമെനിയ്ക്ക്?

നന്ദി! സഹയാത്രികരേ, നന്ദി.......


$\overline{BC} = \sqrt{\overline{AB}^2 + \overline{AC}^2} = \sqrt{1656^2 + 1155^2} = \sqrt{4076361} = 2019$
C
$\overline{BC} = 2019$
$\overline{AC} = 1155$
A
B
$\overline{AB} = 1656$
Marcello Pedone


y
X'
X
y'
90°
60°
45°
30°
120°
135°
150°
180°
210°
225°
240°
270°
300°
315°
330°
$(\frac{-1}{2}, \frac{\sqrt{3}}{2})$
$(\frac{1}{\sqrt{2}}, \frac{\sqrt{3}}{2})$
$(\frac{-1}{\sqrt{2}}, \frac{1}{\sqrt{2}})$
$(\frac{1}{\sqrt{2}}, \frac{1}{\sqrt{2}})$
$(\frac{-\sqrt{3}}{2}, \frac{1}{2})$
$(\frac{\sqrt{3}}{2}, \frac{1}{2})$
$(\frac{-\sqrt{3}}{2}, -\frac{1}{2})$
$(\frac{\sqrt{3}}{2}, \frac{-1}{2})$
$(\frac{-1}{\sqrt{2}}, -\frac{1}{2})$
$(\frac{1}{\sqrt{2}}, \frac{-1}{\sqrt{2}})$
$(-\frac{1}{\sqrt{2}}, \frac{-\sqrt{3}}{2})$
$(\frac{1}{\sqrt{2}}, \frac{-\sqrt{3}}{2})$

നമുക്ക്
പ്രളയം
മതി

പ്രളയം
വന്നപ്പോൾ
ഒരേ കയ്യിൽ
പിടിച്ചു കയറിയവർ
ഒരു പാത്രത്തിൽ
നിന്നുണ്ടവർ
ഒരു വരിയിൽ
നിന്നവർ
ഒരു വിരിയിൽ
കിടന്നവർ

വെള്ളമിറങ്ങിയപ്പോൾ
പാർട്ടിയായി
സംഘടനയായി
ജാതിയായി
മതമായി
തള്ളായി
തല്ലായി


ഉണ്ണി പറഞ്ഞു
വെയിലുവേണ്ടമ്മേ...
നമുക്ക് പ്രളയം മതി.


# ..میرا دل..

تیری بے وفائی کا شکوہ کروں تو
یہ میری محبت کی توعین ہوگی
تیری عا شقی کا انتظار کروں تو
تم میری محبت کی جنازہ    اڈھو گی
وہ نقشہ میں نے سجا کر رکھا تو
تم میرے خوابوں کی پردہ اڈھو گی
اے ہم دم ہم تمہیں چاہتا ہے ایسے
مرنے والا کوئی زندگی چاہتا ہے جیسے
تیری چاہت میں مر جاؤں ایسے
تیری چاہت میں تڑپتا ہوں جیسے
تیرے نقشِ قدم چلتا ہے ایسے
تم مری محبت کی اشارہ ہے جیسے  .....

റഷീദ ,എച്ച്.എസ്.എ ,ജി.എച്ച്.എസ്.എസ്.കുന്നക്കാവ്

# SHAPES AREA &PERIMETER






ലാവണ്യ ടി.പി

# ഗതിയില്ലാ പ്രേതങ്ങൾ

ഗീത എം,എച്ച്.എസ്.എ ഹിന്ദി

ആദിയുമന്ത്യവുമില്ലാതെ
ജീവിതമാം സാഗരത്തിൻ
അഗാധതയിലാണ്ടുപോം
മർത്യജന്മമിന്നു പാഴ്ജന്മം
ആദിയിൽ വാദിയായ്
മധ്യേ വന്ദ്യനായ്
അന്ത്യമോ ഭ്രാന്തനായ്
മാത്സരവലയമീയുലകം
ആരെയോ പഴിച്ചു
പിന്നെ സ്വയം പഴിച്ചു
ചിന്തതൻ കെട്ടുപൊട്ടിച്ചു
സ്വയം ചികഞ്ഞു
എവിടെ പിഴച്ചു ഞാൻ
ഓർമ്മതൻതാളുകൾ
മറിക്കാനാഞ്ഞു
കരങ്ങളുമിന്നശക്തമായി
സിരകളിൽ പടർന്ന ലഹരിയാൽ
നടക്കാൻ ശ്രമിച്ചു......ഇല്ല
ഇടറുന്നു പാദം
തളരുന്നു ദേഹം
ആരോ വലിക്കുന്നു
തിരിഞ്ഞു മന്ദം-ബന്ധനസ്ഥനാണവൻ
ആരു തളച്ചു തൻ ജീവിതം
ഇന്നൊരു ഭ്രാന്തൻ ചങ്ങലയിൽ!
അട്ടഹസിച്ചു പിന്നെ രോദനമായ്
രോദനം വീണ്ടുമൊരലർച്ചയായ്
ആണ്ടുപോയ് വീണ്ടും
ഉണരാത്തൊരഗാധമാം നിദ്രയിൽ
വിട്ടുപോയ് മോക്ഷം തേടി
തൻ ദേഹവും
മോക്ഷമില്ലാതലയുന്നതീ
ദേഹിമാത്രം



## കോലക്കേട്ടുകൾ

ആദിത്ത്കൃഷ്ണ ചെമ്പത്ത് 10 D

ജനനം,
ശൈശവം,
ബാല്യം,
കൗമാരം,
യൗവ്വനം,
വാർദ്ധക്യം,
വൃദ്ധസദനത്തിന്റെ പൂമുഖം
നരയുടെ സമവാക്യം

## ചുംബനം

വേരും
തൊലിയും
പിന്നെ ബന്ധവും
സംരക്ഷണവും
ചുംബിക്കുന്നത്
മണ്ണിലാണ്.

## ഗണിതവിധവ

ന്യൂനസംഖ്യകൾ വിവാഹിതരാണെങ്കിൽ
അധിസംഖ്യകൾ അവിവാഹിതരാണ്.
അപ്പോൾ പൂജ്യം വിധവയാകില്ലേ?

# കണ്ണാടി വീടുകൾ

രാധിക രാഘവൻ എച്ച്.എസ്.എ

മുറുക്കിയടയ്ക്കുക........
വാതായനങ്ങൾ.....ജാലകങ്ങൾ
കയറരുത്..
ഇത്തിരി കാറ്റും വെളിച്ചവും
താഴിട്ടു പൂട്ടുക
താക്കോൽ വലിച്ചെറിയു
ഇരിക്കാം......നമുക്ക്
ഓരോ അറകളളിൽ
കാണേണ്ട.....ആരെയും
താഴ്ത്തി വെക്കുക .....മുഖം....
നീട്ടുക....വിരൽത്തുമ്പുകൾ
വിരിയട്ടെ വിസ്മയങ്ങൾ
അറിയേണ്ടതെന്ത്?
ഒന്നുമില്ലെന്നോ?
എറിയരുത്.... കല്ലുകൾ..
പൊട്ടിതകർന്നാലോ?!

**THE END**